## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 573 — 08.07.2014-ൽ മറുപടിക്ക്.

### പോലീസിന്റെ പുതുക്കിയ ഔദ്യോഗിക ഫേയ്സ് ബുക്ക് പേജ്, ടിറ്റർ പേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസിന്റെ പുതുക്കിയ ഔദ്യോഗിക ഫേയ്സ് ബുക്ക് പേജ്; പുതിയ ടിറ്റർ പേജ് എന്നിവ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | : (എ) "Facebook.com/Kerala Police" എന്ന ഫേയ്സ് ബുക്ക് പേജും "Twitter.com/the Kerala Police" എന്ന ടിറ്റർ പേജും 31.2.2014 ന് നിലവിൽ വന്നിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പോലീസ് ചീഫിന്റെ നിർദ്ദേശാനുസരണം മിക്ക ജില്ലകളിലും ഡിസ്ട്രിക്ട് പോലീസ് എന്ന പേരിലും ഫേയ്സ് ബുക്ക് പേജുകൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | : (ബി) കുറ്റകൃത്യങ്ങളെ കുറിച്ചുള്ള ഫോട്ടോകൾ, വീഡിയോ എന്നിവ അപ് ലോഡ് ചെയ്യാനും കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പോലീസുമായി പങ്കുവയ്ക്കുന്നതിനും വിവിധ പോലീസ് സംവിധാനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ അറിയുവാനും, പുതിയ ഫേയ്സ് ബുക്ക് പേജ് വഴി കഴിയും.<br>പൊതുജനങ്ങൾക്കുള്ള സന്ദേശങ്ങളും, പങ്കുവയ്ക്കേണ്ട പൊതു വിവരങ്ങളുടെ ലിങ്കുകളുമായാണ് ടിറ്റർ പേജ് നിലവിൽ വന്നിട്ടുള്ളത്. ഈ അക്കൗണ്ട് പിൻതുടരുന്നവർക്ക് പോലീസുമായി കുറ്റാന്വേഷണ ക്രമസമാധാനപാലനം സംബന്ധിച്ച വിവരങ്ങൾ, നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ എന്നിവ പങ്കുവയ്ക്കാൻ കഴിയും. |
| (സി) സോഷ്യൽ മീഡിയ നൽകുന്ന നവമാധ്യമ സാധ്യതകൾ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | : (സി) പൊതുജനങ്ങൾക്കുള്ള സന്ദേശങ്ങൾ, പങ്കുവയ്ക്കേണ്ടതായ മറ്റ് പൊതു വിവരങ്ങൾ എന്നിവ ഉൾപ്പെട്ട ലിങ്കുകളും പേജുകളും കാര്യക്ഷമമായ ക്രമസമാധാന പാലനത്തിന് ഉതകുംവിധം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള |

ഫോട്ടോകൾ, വീഡിയോകൾ, പിടികിട്ടാപുള്ളികളുടെ ഫോട്ടോകൾ, ലുക്ക് ഔട്ട് നോട്ടീസ് എന്നിവ അപ്‌ലോഡ് ചെയ്യുന്നതിനും കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പോലീസുമായി പങ്കുവയ്ക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഫേയ്സ് ബുക്ക് പേജ്, ട്വിറ്റർ അക്കൗണ്ട് എന്നിവ ഉപയോഗപ്പെടുത്തുന്നതു വഴി കുറ്റാന്വേഷണത്തിൽ ഫലപ്രദമായ പുരോഗതി കൈവരിക്കുവാൻ സാധിക്കുന്നതാണ്.

(ഡി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം വിവരങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

: (ഡി) പൊതുജനങ്ങൾക്കുള്ള അടിയന്തിര സന്ദേശങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മറ്റ് പൊതുജനങ്ങൾ തുടങ്ങിയവർക്ക് അടിയന്തിര ഘട്ടങ്ങളിൽ സമ്പർക്കം പുലർത്തേണ്ടവരുടെ ടെലിഫോൺ നമ്പരുകൾ എന്നിവ പോലീസിന്റെ ലിങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ